പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

19-07-2016 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ. 2351

# കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീമതി പി. അയിഷാ പോറ്റി | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ പുരോഗമിക്കുന്ന മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ വിവരം പഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കാമോ; | (എ) | കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർഐ.ഡി.എഫ് പദ്ധതികളുടെ XIX-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി വെളിയം പഞ്ചായത്തിൽ മാലയിൽ പരുത്തിയറ വാട്ടർഷെഡ് പദ്ധതിയും ഉമ്മന്നൂർ പഞ്ചായത്തിൽ മാവറത്തോട് വാട്ടർഷെഡ് പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>2. കൊല്ലം ജില്ലാ പഞ്ചായത്ത് പദ്ധതികളായ കുളക്കട പഞ്ചായത്തിൽ ഉൾപ്പെട്ട മാവടി അംബേദ്കർ കോളനി പദ്ധതി, കരീപ്ര പഞ്ചായത്തിൽ ഉൾപ്പെട്ട ഇലയം ശംഖുമുഖം കോളനി പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കോളനി നിവാസികളുടെ ഭൂമിയുടെ സംരക്ഷണമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും അവയുടെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങൾ എന്താണെന്നും വെളിപ്പെടുത്താമോ? | (ബി) | 1. മാലയിൽ പരുത്തിയറ വാട്ടർഷെഡ് പദ്ധതി<br>350 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനായി 108.12 ലക്ഷം രൂപ അടങ്കൽ തുകയുള്ള മാലയിൽ പരുത്തിയറ വാട്ടർഷെഡ് പദ്ധതിക്ക് 26-04-2014 ൽ ഭരണാനുമതി നൽകി. 2014 ഡിസംബറിൽ ആരംഭിച്ച ഈ പദ്ധതിയിൽ നാളിതുവരെ 39.4 ലക്ഷം രൂപ ചെലവഴിച്ച് 118 ഹെക്ടർ പ്രദേശത്ത് കല്ല് കയ്യാല, ട്രെഞ്ചുകൾ, ടെറസുകൾ, റിംഗ് പോണ്ടുകൾ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി |

| | | |
|---|---|---|
| | | യിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>2. മാവറത്തോട് വാട്ടർഷെഡ് പദ്ധതി<br><br>26-04-2014 നാണ് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയത്. 49.08 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതി 226 ഹെക്ടർ പ്രദേശത്തിന്റെ സംരക്ഷണമാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി 2014 സെപ്റ്റംബറിൽ ആരംഭിക്കുകയും 173 ഹെക്ടർ പ്രദേശത്തിന്റെ സംരക്ഷണത്തിനായി 38.82 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടുകല്ല്, പാറ എന്നിവ ഉപയോഗിച്ചുള്ള കയ്യാലകൾ, മഴക്കുഴികൾ, ടെറസുകൾ, ചെക്ക് ഡാമുകൾ, തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, ക്രോസ് ബാർ, ഫൂട്സ്ലാബ്, റിംഗ് പോണ്ടുകൾ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2017 മാർച്ചിൽ പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>3. മാവടി അംബേദ്കർ കോളനി പദ്ധതി<br><br>26-6-15 ന് കൊല്ലം ജില്ലാ പഞ്ചായത്തിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതി 2016 മാർച്ചിൽ ആരംഭിച്ചു. 10 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്കായി നാളിതുവരെ 1.79 ലക്ഷം രൂപ ചെലവഴിച്ച് 52 മീറ്റർ പാർശ്വഭിത്തി നിർമ്മിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>4. ഇലയം ശംഖുമുഖം കോളനി<br><br>26-6-15 ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതി 2016 മാർച്ചിൽ ആരംഭിച്ചു. 10 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതിയ്ക്കായി 2.04 ലക്ഷം രൂപ ചെലവഴിച്ച് 88.6 മീറ്റർ പാർശ്വഭിത്തി, 32.4 മീറ്റർ ടെറസ് വാൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ